⇨ *90കൾക്ക് ശേഷം ഖനികളെല്ലാം സ്വകാര്യ കമ്പനികൾക്കായി തുറന്നുകൊടുത്തു* ⇨

# മഹാനിലെ ആദിവാസികൾക്ക് ഖനികളല്ല, കാടുതന്നെയാണ് വികസനം

എസ്സാർ കമ്പനിയുടെ ഖനനം മൂലം കുടിയൊഴിപ്പിക്കപ്പെടുന്ന മധ്യപ്രദേശിലെ സിംഗ്രോളി ജില്ലയിലുള്ള മഹാൻ എന്ന സ്ഥലത്തെ ആദിവാസികളുടെ പ്രശ്നം അവതരിപ്പിക്കാൻ ലണ്ടനിലേക്ക് പോകും വഴി ഡൽഹി വിമാനത്താവളത്തിൽ വെച്ച് തടയപ്പെട്ട ഗ്രീൻപീസ് പ്രചാരക, ദേശതാത്പര്യത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്നയാൾ എന്ന മുദ്ര തനിക്കെതിരെ എന്തുകൊണ്ട് ചാർത്തപ്പെട്ടു എന്ന് വിശദീകരിക്കുന്നു.

**■ പ്രിയ പിള്ള**

2014 ഫെബ്രുവരി 1ന് തൃശൂരിൽ വച്ച് നടന്ന ജനാധിപത്യ അവകാശ കൺവെൻഷനിൽ സംസാരിച്ചത്.

**അഞ്ച്** വർഷമായി മധ്യപ്രദേശിലെ മഹാൻ എന്ന സ്ഥലത്ത് തദ്ദേശീയരായ ആദിവാസികളുമായി ചേർന്ന് എസ്സാർ-ഹിൻഡാൽക്കോയുടെ ഖനന പദ്ധതിക്കെതരെ സമരം ചെയ്തുകൊണ്ടിരിക്കുകയാണ് ഞങ്ങൾ. ഈ സമരത്തിന്റെ വിവരങ്ങൾ മാധ്യമങ്ങളിൽ വരുന്നതിനായി ശ്രമിച്ച് ഞങ്ങൾ ഈ അഞ്ച് വർഷത്തിനിടയിൽ തുടർച്ചയായി പരാജയപ്പെട്ടിട്ടുമുണ്ട്. ഇത്തരം ഒരുപാട് പ്രതിബന്ധങ്ങൾക്കിടയിലും സമരത്തിൽ ഉറച്ചുനിന്ന് പോരാടുന്ന ഒരു ജനതയെ പ്രതിനിധീകരിച്ച് കേരളത്തിൽ വന്ന് ഇക്കാര്യങ്ങൾ സംസാരിക്കാൻ കഴിഞ്ഞു എന്നത് ഞങ്ങളെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട കാര്യമാണ്. മധ്യപ്രദേശിലെ സിംഗ്രോളി ജില്ല ഏറെ വനങ്ങളുള്ള ഒരു പ്രദേശമാണ്. 11 വലിയ ഖനികളും 9 താപ വൈദ്യുതി നിലയങ്ങളും അവിടെ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ സർക്കാർ ഇവിടെ നിന്നും ഇപ്പോൾ ഉത്പാദിപ്പിക്കുന്ന വൈദ്യുതി ആകെ ആഭ്യന്തര ഉത്പാദനത്തിന്റെ 10 ശതമാനം മാത്രമാണ്. ഞങ്ങളുടെ സമരം നടക്കുന്ന ഒരൊറ്റ ആദിവാസി ഗ്രാമത്തിലും വൈദ്യുതിയില്ല. 30 വർഷത്തിനിടയിൽ ആയിരക്കണക്കിന് ആദിവാസികൾ വിവിധ വികസന പദ്ധതികളുടെ ഭാഗമായി കുടിയൊഴിപ്പിക്കപ്പെട്ട ജില്ല കൂടിയാണ് സിംഗ്രോളി. ആഗോളവത്കരണത്തിന് മുമ്പ് നോർത്തേൺ കോൾഫീൽഡ് ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനത്തിന്റെ കൈവശമായിരുന്നു സിംഗ്രോളിയിലെ ഖനികൾ. അക്കാലത്തും ഖനികൾക്ക് വേണ്ടിയുള്ള കുടിയൊഴിപ്പിക്കലുകൾ വ്യാപകമായിരുന്നു. സ്വകാര്യവത്കരണ നയങ്ങളുടെ ഭാഗമായി 90കൾക്ക് ശേഷം ഖനികളെല്ലാം സ്വകാര്യ കമ്പനികൾക്കായി തുറന്നുകൊടുത്തു. റിലയൻസ്, ജിൻഡാൽ, എസ്സാർ തുടങ്ങിയ വലിയ കോർപ്പറേറ്റുകൾ അങ്ങനെയാണ് അവിടേക്ക് എത്തുന്നത്. അവരെല്ലാം കൂടി സിംഗ്രോളിയിലെ വനമേഖലയുടെ വലിയൊരു ഭാഗം കവർന്നെടുത്തു. അവശേഷിക്കുന്ന കുറച്ച് വനമേഖല സംരക്ഷിക്കുന്നതിനായണ് ഞങ്ങൾ ഇപ്പോൾ സമരം ചെയ്തുകൊണ്ടിരിക്കുന്നത്.

ആദിവാസികൾ വർഷങ്ങളായി അധിവസിക്കുന്ന പ്രദേശമായതുകൊണ്ടാണ് ആ വനമേഖല എന്തായാലും സംരക്ഷിക്കപ്പെടണം എന്ന ഉറച്ച തീരുമാനത്തിൽ ഞങ്ങൾ നിൽക്കുന്നത്. ഏഴ് കൽക്കരി ഖനികളാണ് അവിടെ വരാൻ പോകുന്നത്. 54 ആദിവാസി ഗ്രാമങ്ങളാണ് കുടിയൊഴിപ്പിക്കപ്പെടാൻ പോകു

⇨ സമരം ചെയ്തിട്ടാണ് അഞ്ച് മാസം മുമ്പ് കമ്പനി വളപ്പിൽ നിന്നും പോലീസ് സ്റ്റേഷൻ പുറത്തുകൊണ്ടുവന്നത് ⇨



പ്രിയ പിള്ള മഹാൻ സംഘർഷ് സമിതിയുടെ സമരത്തിൽ

ന്നത്. 70,000 ൽ അധികം ജനങ്ങൾ അതിൽ ഉൾപ്പെടും. എന്നാൽ 14 വർഷത്തേക്ക് വേണ്ട കൽക്കരി മാത്രമാണ് അവിടെയുള്ളത്. 14 വർഷം ഖനനം ചെയ്യുന്നതിനായാണ് ഇത്രയും വലിയ കുടിയൊഴിപ്പിക്കൽ നടക്കാൻ പോകുന്നത്. കോർപ്പറേറ്റുകളുടെ അത്യാർത്തിക്കുവേണ്ടി എഴുപതിനായിരത്തോളം ഗ്രാമീണർ തങ്ങളുടെ പരമ്പരാഗ ഉപജീവനമാർഗ്ഗങ്ങൾ ഉപേക്ഷിച്ച് കുടിയൊഴിഞ്ഞു പോകണം എന്നുപറയുന്നത് എങ്ങനെയാണ് അംഗീകരിക്കാൻ കഴിയുന്നത്. നിങ്ങൾ പറയുന്ന വികസനം ഞങ്ങൾക്കുവേണ്ട എന്ന് മഹാൻ സംഘർഷ് സമിതിയിലെ ആദിവാസികൾ ഉറച്ച ശബ്ദത്തിൽ പറയുന്നു. എത്ര നഷ്ടപരിഹാരം തന്നാലും നാടുവിട്ടു പോകില്ല എന്ന തീരുമാനത്തിൽ അവർ ഉറച്ചുനിൽക്കുന്നു. പുനഃരധിവാസം ലഭിക്കാത്തതിന്റെ പേരിലും നഷ്ടപരിഹാര തുക കിട്ടാത്തതിന്റെ പേരിലും മുമ്പും ഇവിടെ സമരങ്ങൾ നടന്നിട്ടുണ്ട്. എന്നാൽ ഈ വികസന പദ്ധതി ഞങ്ങൾക്കു വേണ്ട എന്ന് ചരിത്രത്തിൽ ആദ്യമായാണ് സിംഗ്രോളിയിൽ ഒരു ജനത പറയുന്നത്.

കഴിഞ്ഞ ഡിസംബർ മാസത്തിലാണ് റിലയൻസിന്റെ ഖനിയിൽ തൊഴിലെടുക്കുന്ന ഒരു ആദിവാസി യുവാവ്, അവിടെ നിന്നും ഡീസൽ മോഷ്ടിച്ചു എന്ന പേരിൽ അറസ്റ്റ് ചെയ്യപ്പെടുന്നതും ഭീകരമായ മർദ്ദനത്തെ തുടർന്ന് കൊല്ലപ്പെടുന്നതും. അയാളുടെ ശവശരീരം ഗ്രാമത്തിലുള്ള ഒരു പൊട്ടകിണറ്റിൽ കൊണ്ടിട്ടു. ജനങ്ങൾ അതിനെതിരെ വലിയ പ്രതിഷേധവുമായി രംഗത്തെത്തി. പോലീസ് പ്രതിഷേധക്കാർക്കുനേരെ വെടിയുതിർത്തു. 21 വയസ്സുള്ള മറ്റൊരു യുവാവ് ആ വെടിവയ്പ്പിൽ കൊല്ലപ്പെട്ടു. ഇന്നേവരെ ഒരന്വേഷണവും അതിനെക്കുറിച്ച് നടന്നിട്ടില്ല. കേരളത്തിലിരുന്ന് നമുക്ക് സങ്കൽപ്പിക്കാൻ കഴിയാത്ത തരത്തിലുള്ള പോലീസ് രാജാണ് മഹാനിൽ നടക്കുന്നത്. അവിടെ പോലീസ് സ്റ്റേഷൻ പോലും എസ്സാർ കമ്പനിയുടെ വളപ്പിലാണ് പ്രവർത്തിക്കുന്നത്. അവിടെപ്പോയി നിങ്ങൾക്ക് ഒരു പരാതി കൊടുക്കണമെങ്കിൽ ആദ്യം എസ്സാർ കമ്പനിയുടെ ഗേറ്റിൽ നിൽക്കുന്ന സെക്യൂരിറ്റിയെ കാണണം. എന്താണ് പരാതിയെന്നും ആർക്കെതിരെയാണ് പരാതിയെന്നും അയാളെ ബോധ്യപ്പെടുത്തണം. അവരുടെ രജിസ്റ്ററിൽ ഒപ്പും വയ്ക്കണം. പോലീസ് സ്റ്റേഷൻ എന്ന പൊതുസ്ഥാപനം പോലും പൂർണ്ണമായും മൈനിംഗ് കമ്പനിയുടെ കൈവശമാണ്. ഞങ്ങൾ ഒരുപാട് സമരം ചെയ്തിട്ടാണ് അഞ്ച് മാസം മുമ്പ് കമ്പനി വളപ്പിൽ നിന്നും പോലീസ് സ്റ്റേഷൻ പുറത്തുകൊണ്ടുവന്നത്. അതുകൊണ്ടൊന്നും പോലീസിന്റെ സ്വഭാവത്തിൽ പ്രത്യേകിച്ച് വ്യത്യാസമൊന്നുമുണ്ടായില്ല.

മഹാനിൽ എല്ലാ പോലീസ് അറസ്റ്റും അർദ്ധരാത്രിയിൽ 12 മണി കഴിഞ്ഞാണ് നടക്കുന്നത്. ഇന്നേവരെ ഒരാളെ പോലും പകൽ സമയത്ത് അറസ്റ്റ് ചെയ്തിട്ടില്ല. വാറണ്ട് ഇല്ലാതെയാണ് അറസ്റ്റ് എപ്പോഴും നടക്കാറുള്ളത്. പരാതി പറയാൻ ചെന്നാൽ എസ്.പി ഓഫീസിലെ പരാതി പരാഹാര സെല്ലിൽ ചെന്ന് പരാതി നൽകാൻ പറയും. ഇന്റലിജൻസ് ബ്യൂറോ എനിക്കെതിരെ ഒരു ലുക്ക്ഔട്ട് നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. എന്താണ് ലുക്ക്ഔട്ട് നോട്ടീസിന് കാരണമെന്ന് ഐ.ബി ഇതുവരെ വിശദീകരിച്ചിട്ടില്ല. ഐ.ബി പോലെ ഭരണഘടനാതീതമായ ഒരു സ്ഥാപനത്തിന് അതിരില്ലാത്ത അധികാരം കൊടുക്കുന്നതിന്റെ പ്രശ്നങ്ങളാണ് ഇതെല്ലാം. രാജ്യപുരോഗതിക്ക് തടസ്സം നിൽക്കുന്നവരായി ചൂണ്ടിക്കാണിച്ചുകൊണ്ട് ചില പരിസ്ഥിതി പ്രവർത്തകരുടെയും ഗ്രീൻപീസ് അടക്കമുള്ള സംഘടനകളുടെയും ലിസ്റ്റ്

ഐ.ബി കഴിഞ്ഞവർഷം പുറത്തുവിട്ടിരുന്നു. സർക്കാർ പോലും ഇതുവരെ ആ റിപ്പോർട്ട് അംഗീകരിച്ചിട്ടില്ല. ഞങ്ങളുടെ പ്രവർത്തനം കാരണം ഇന്ത്യയ്ക്ക് മൂന്ന് മുതൽ നാല് ശതമാനം വരെ ജി.ഡി.പി കുറഞ്ഞു എന്നാണ് ഐ.ബി റിപ്പോർട്ട് പറയുന്നത്. സർക്കാർ അധികാരത്തിൽ വരുന്നതുപോലും ഒരു ശതമാനം ജി.ഡി.പി വർദ്ധനവിന്റെ പേരു പറഞ്ഞുകൊണ്ടാണ്. അപ്പോൾ സർക്കാറിനെക്കാൾ ശക്തരാണ് സമരപ്രവർത്തകരെന്നാണോ ഐ.ബി പറയുന്നത്? സാമാന്യ ബുദ്ധിപോലും പ്രയോഗിക്കാതെ എഴുതിയുണ്ടാക്കിയ ഒരു റിപ്പോർട്ടാണത്. സ്കൂൾ കുട്ടികൾ പോലും അവരുടെ പ്രോജക്ട് റിപ്പോർട്ട് ഇതിലും നന്നായി പഠിച്ച് തയ്യാറാക്കും. എന്തായിരുന്നു ലുക്ക്ഔട്ട് നോട്ടീസിന്റെ കാരണമെന്നറിയാൻ ഞങ്ങൾ വിവരാവകാശ നിയമപ്രകാരം ചോദിച്ചു. പക്ഷെ ഇക്കാര്യം വിവരാവകാശ നിയമത്തിന്റെ പരിധിക്ക് പുറത്താണ് എന്നാണ് സർക്കാർ പറയുന്നത്. ഐ.ബിയുടെ കാര്യങ്ങൾ സുതാര്യമല്ല എന്നതാണ് അവരുടെ അക്കൗണ്ടബിലിറ്റി നഷ്ടപ്പെടാനുള്ള കാരണം. ഐ.ബിക്ക് കൂടുതൽ അധികാരങ്ങൾ നൽകിക്കൊണ്ടിരിക്കുകയാണ്. എപ്പോൾ വേണമെങ്കിലും സർക്കാറിനെതിരെ സംസാരിക്കുന്നതിനുള്ള നമ്മുടെ അവകാശങ്ങൾ റദ്ദുചെയ്യപ്പെടാം. എപ്പോൾ വേണമെങ്കിലും സമാധാനപരമായി സംഘടിക്കുന്നതിനുള്ള അവകാശങ്ങൾ റദ്ദുചെയ്യപ്പെടാം. അടിയന്തരാവസ്ഥ പ്രഖ്യാപിക്കുമ്പോൾ മാത്രമേ അത്തരം അവകാശങ്ങൾ റദ്ദുചെയ്യുന്നതിനുള്ള ഭരണഘടനാപരമായ അവകാശം സർക്കാറിന് ലഭിക്കുകയുള്ളൂ. എന്നാൽ ഇപ്പോൾ അടിയന്ത

> എപ്പോൾ വേണമെങ്കിലും സർക്കാറിനെതിരെ സംസാരിക്കുന്നതിനുള്ള നമ്മുടെ അവകാശങ്ങൾ റദ്ദു ചെയ്യപ്പെടാം. എപ്പോൾ വേണമെങ്കിലും സമാധാനപരമായി സംഘടിക്കുന്നതിനുള്ള അവകാശങ്ങൾ റദ്ദുചെയ്യപ്പെടാം. അടിയന്തരാവസ്ഥ പ്രഖ്യാപിക്കുമ്പോൾ മാത്രമേ അത്തരം അവകാശങ്ങൾ റദ്ദുചെയ്യുന്നതിനുള്ള ഭരണഘടനാപരമായ അവകാശം സർക്കാറിന് ലഭിക്കുകയുള്ളൂ. എന്നാൽ ഇപ്പോൾ അടിയന്തരാവസ്ഥ പ്രഖ്യാപിക്കുക പോലും ചെയ്യാതെ ഇതിനെല്ലാം കഴിയുന്നുണ്ട് എന്നതാണ് വസ്തുത.

രാവസ്ഥ പ്രഖ്യാപിക്കുക പോലും ചെയ്യാതെ ഇതിനെല്ലാം കഴിയുന്നുണ്ട് എന്നതാണ് വസ്തുത. അതുകൊണ്ടാണ് പരിസ്ഥിതി സംഘടനകളെ ഐ.ബി വാച്ച്ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതും, കേരളീയം റെയ്ഡ് ചെയ്യപ്പെടുന്നതും ഭരണകൂട നയങ്ങളെ വിമർശിക്കുന്നവർക്കെതിരെ യു.എ.പി.എ ചുമത്തപ്പെടുന്നതുമെല്ലാം. ഇതുകൂടാതെ ഓർഡിനൻസി രാജിലൂടെ ജനോപകാര നിയമങ്ങൾ അട്ടിമറിക്കുന്നതിനുള്ള ശ്രമവും മോദി സർക്കാർ നടത്തുകയാണ്. വനാവകാശ നിയമവും കോർപ്പറേറ്റുകൾക്ക് അനുകൂലമായി തിരുത്തിയെഴുതുന്നതിനുള്ള അണിയറ പ്രവർത്തനങ്ങൾ തുടങ്ങിയിരിക്കുന്നു. എന്ത് വികസനമാണ് തങ്ങൾക്ക് വേണ്ടതെന്ന് തീരുമാനിക്കുന്നതിനുള്ള അവകാശം തദ്ദേശീയ ജനതയ്ക്കുതന്നെയാണ് വേണ്ടത്. അതുറപ്പുവരുത്തുന്ന നിയമമാണ് വനാവകാശ നിയമം. എന്നാൽ കോർപ്പറേറ്റുകളുടെ വിഭവ ചൂഷണത്തിന് തദ്ദേശീയ ജനത പലയിടത്തും എതിരുനിൽക്കുന്ന സാഹചര്യം സംജാതമായതോടെ വനാവകാശ നിയമം ഭരണകൂടത്തിന് ഒരു തടസ്സമായി മാറി. വനാവകാശ നിയമം നടപ്പിലാക്കുന്നതിനായി ഇടപെടുന്നവരെല്ലാം രാജ്യദ്രോഹികളുമായി. ഇപ്പോൾ സർക്കാർ കൊണ്ടുവന്ന കൽക്കരി ഓർഡിനൻസ് തന്നെ നോക്കൂ. അതിൽ പറയുന്ന ഒരു പ്രധാനപ്പെട്ട വ്യവസ്ഥ ഒരു തെർമൽ പവർ പ്ലാന്റിന് വേണ്ടി പ്രവർത്തിക്കുന്ന കൽക്കരി ഖനിക്കെതിരെ നിങ്ങൾ ശബ്ദമുയർത്തിയാൽ നിങ്ങളുടെ പക്കൽ നിന്നും ഒരു ലക്ഷം രൂപ സർക്കാർ പിഴ ഈടാക്കും എന്നാണ്. ഭരണഘടനയുടെ ആർട്ടിക്കിൾ 19 വിപുലമായ മൗലികാവകാശങ്ങൾ എല്ലാ ഇന്ത്യൻ പൗരന്മാർക്കും നൽകുന്നുണ്ട്. സ്വതന്ത്രമായി ജീവിക്കുന്നതിനും സമാധനപരമായി സംഘം ചേരുന്നതിനും വരെ ഇവിടെ അവകാശമുണ്ട്. അതേ സമയം പൗരന്റെ കടമകളിൽ പരിസ്ഥിതി സംരക്ഷിക്കുക എന്നത് ഒരു പ്രധാനകടമയായി ഭരണഘടന തന്നെ പറയുന്നുണ്ട്. വനങ്ങൾ വെട്ടി നശിപ്പിക്കുന്നതിനെതിരെ ഞങ്ങൾ ചെയ്യുന്ന സമരം ഭരണഘടനാപരമായ ഒരു പൗരന്റെ കടമ നിർവഹിക്കലാണ്. അത് എങ്ങനെയാണ് രാജ്യദ്രോഹമാകുന്നത്?

കൽക്കരി ഓർഡിനൻസ് പോലെ തന്നെ ഭീകരമാണ് ഭൂ നിയമ ഭേദഗതി ഓർഡിനൻ

സും. അതുപോലെ തന്നെ പരിസ്ഥിതി സംരക്ഷണത്തിനായി പ്രവർത്തിക്കുന്നവർ ആശ്രയിക്കുന്ന അടിസ്ഥാന നിയമങ്ങൾ തിരുത്താൻ ആവശ്യപ്പെടുന്ന ടി.എസ്.ആർ. സുബ്രഹ്മണ്യൻ കമ്മിറ്റി റിപ്പോർട്ട് അതിലേറെ അപകടകരമാണ്. പ്രതിഷേധങ്ങളെ നിശബ്ദമാക്കുന്നതിനായി സമഗ്രമായ ഒരു പൊളിച്ചെഴുത്താണ് നടന്നുകൊണ്ടിരിക്കുന്നത്. പാർലമെന്റിൽ ചർച്ച ചെയ്തുകൊണ്ടല്ല ഈ പൊളിച്ചെഴുത്തുകൾ നടക്കുന്നത്. തീർത്തും ജനാധിപത്യ വിരുദ്ധമായ ഓർഡിനൻസുകൾ, അല്ലെങ്കിൽ ഓഫീസ് മെമ്മൊറാണ്ടങ്ങൾ, അതുമല്ലെങ്കിൽ ചില സർക്കുലറുകൾ. പലപ്പോഴും പൊതുസമൂഹത്തിന്റെ അഭിപ്രായം പോലും ആരായാറില്ല. വെബ്സൈറ്റിൽ നിർദ്ദേശങ്ങൾ ക്ഷണിച്ചുകൊണ്ട് ആരും കാണാത്തവിധം കൊടുക്കും. യു.പി.എ–എൻ.ഡി.എ സർക്കാറുകളുടെ ഒരു നയം തന്നെയാണ് ഈ പ്രക്രിയ.

ആണവ ബാധ്യത നിയമത്തിലും വെള്ളം ചേർക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ആണവനിലയങ്ങളിൽ അപകടം ഉണ്ടായാൽ പ്ലാൻറിന്റെ നടത്തിപ്പുകാർക്ക് മാത്രമല്ല, പ്ലാൻറുകളിലേക്ക് ഉപകരണങ്ങൾ വിതരണം ചെയ്തവർക്കും ബാധ്യതയുണ്ടായിരിക്കും എന്ന നിയമ വ്യവസ്ഥയിലാണ് മാറ്റം വരുത്തുന്നത്. ആണവ ദുരന്തമുണ്ടായാൽ വിതരണക്കാർക്ക് ബാധ്യത വരുത്തുന്ന ചട്ടങ്ങൾ വിദേശ കമ്പനികൾക്ക് വേണ്ടി ഒഴിവാക്കുകയാണ്. ഭോപ്പാൽ ദുരന്തത്തിന്റെ നടുക്കത്തിൽ നിന്നും നമ്മൾ ഇപ്പോഴും മുക്തരല്ല. വെറും 25000 മുതൽ 50000 രൂപ വരെയാണ് ഭോപ്പാൽ ദുരന്തത്തിന്റെ ഇരകൾക്ക് നഷ്ടപരിഹാരം ലഭിച്ചത്. ദുരന്തത്തിന് കാരണക്കാരായ കമ്പനി അധികൃതർ രക്ഷപെടുകയും ചെയ്തു. ഈ രാജ്യത്ത് ഒരു കെമിക്കൽ ദുരന്തമുണ്ടായപ്പോഴുള്ള സ്ഥിതി ഇതാണെങ്കിൽ ആണവദുരന്തമുണ്ടായാൽ എന്തായിരിക്കും സ്ഥിതി? അരിവ, വെസ്റ്റിംഗ് ഹൗസ് തുടങ്ങിയ ബഹുരാഷ്ട്ര കുത്തകൾക്ക് വേണ്ടിയാണ് ഈ പൊളിച്ചെഴുത്ത്. ഒബാമയ്ക്ക് കൊടുത്ത ഉറപ്പിന്റെ പേരിൽ, നാളെ ഏതെങ്കിലും അമേരിക്കൻ കമ്പനിയുടെ ആണവനിലയത്തിൽ അപകടമുണ്ടായാൽ നമ്മൾ കൊടുക്കുന്ന നികുതി പണം കൊണ്ട് സർക്കാർ നഷ്ടം നികത്തും. കോർപ്പറേറ്റ് രാജ് എല്ലാ മേഖലകളിലേക്കും വ്യാപിക്കുന്നതിന്റെ തെളിവാണിത്. മൊൺസാന്റോയ്ക്ക് വേണ്ടി കാർഷിക മേഖലയിൽ സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത് എന്തെന്ന് ഞാൻ ഇവിടെ വിശദീകരിക്കുന്നില്ല. കുത്തകകൾക്ക് വേണ്ടവിധം ഏറ്റെടുക്കുന്നതിനുള്ള ഒരു രാജ്യമായി ഇന്ത്യമാറി. ഇതിനെതിരെ ശബ്ദമുയർത്തുന്നവരെ നേരിടുന്നതിനുള്ള ഒരു വാക്കായി രാജ്യദ്രോഹവും മാറി.

കേരളമടക്കം എല്ലാ സംസ്ഥാനങ്ങളിലും ഒട്ടനവധി ചെറു സംഘങ്ങൾ ഇക്കാര്യങ്ങൾ ഉന്നയിച്ചുകൊണ്ട് സമരം ചെയ്യുന്നുണ്ട്. ഞങ്ങൾ മഹാനിൽ അഞ്ച് വർഷമായി സമരം ചെയ്യുന്നു. പക്ഷെ ആദ്യമായാണ് കേരളത്തിൽ വന്ന് ഇക്കാര്യങ്ങൾ പറയാൻ കഴിയുന്നത്. എല്ലാവരും അവരവരുടെ സമരങ്ങളിൽ കുടുങ്ങിക്കിടക്കുകയാണ് എന്നതാണ് യാഥാർത്ഥ്യം. സമരത്തിന്റെ ഭാഗമായി ദിവസവും ഒട്ടേറെ പ്രശ്നങ്ങൾ നേരിടേണ്ടതായുണ്ട്. അതിനിടയിലും സാധ്യമായ സ്ഥലങ്ങളിലെല്ലാം ഈ സമരങ്ങൾ ഒരുമിച്ചുവരേണ്ടതുണ്ട്. ജനകീയ പ്രസ്ഥാനങ്ങളുടെ ദേശീയ സഖ്യമെല്ലാം വർഷങ്ങളായി അതിന് ശ്രമിക്കുന്നുണ്ട്. എന്നാൽ ആ ശ്രമങ്ങൾക്കുമപ്പുറം പോകേണ്ട ഒരു സാഹചര്യമാണ് ഇന്ന് നിലനിൽക്കുന്നത്. മഹാൻ സംഘർഷ് സമിതിയുടെ എല്ലാ പിന്തുണയും അത്തരം ശ്രമങ്ങൾക്കുണ്ടാകും. ■

## ജനാധിപത്യ അവകാശ കൺവെൻഷൻ നടന്നു

ജനവിരുദ്ധ ഭരണകൂടനയങ്ങൾക്കും പോലീസ് രാജിനും എതിരെ ജനാധിപത്യ അവകാശ കൺവെൻഷൻ 2015 ഫെബ്രുവരി 1, ഞായർ രാവിലെ 10.00 മുതൽ വൈകീട്ട് 8.00 വരെ തൃശൂർ തെക്കേഗുപരനടയിൽ വച്ച് നടന്നു. ജസ്റ്റിസ് രജീന്ദർ സച്ചാർ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. ഗ്രീൻപീസ് പ്രചാരക പ്രിയ പിള്ള മുഖ്യാതിഥിയായി. എസ്.പി. ഉദയകുമാർ, അഡ്വ. കാളീശ്വരം രാജ്, കെ. വേണു, സണ്ണി പൈകട, ഗീതാനന്ദൻ, സി.ആർ. നീലകണ്ഠൻ, ഹാഷിം ചേന്ദാമ്പിള്ളി, സൈമൺ ബ്രിട്ടോ, അഡ്വ. എസ്. ബാലമുരുഗൻ, അഡ്വ. പി.എ. പൗരൻ, ഡോ. എം.ആർ. ഗോവിന്ദൻ, വിളയോടി വേണുഗോപാലൻ തുടങ്ങിയവർ സംസാരിച്ചു. കേരളത്തിലെ വിവിധ ജനകീയ സമരങ്ങളുടെ പ്രതിനിധികൾ പരിപാടിയിൽ പങ്കെടുത്തു. ബി. ആർ.പി. ഭാസ്കർ, ആനന്ദ്, സക്കറിയ, സാറാ ജോസഫ്, സി.കെ. ജാനു, സി.ആർ. പരമേശ്വരൻ, ടി.ടി. ശ്രീകുമാർ എന്നിവർ രക്ഷാധികാരികളും കെ. വേണു (ചെയർമാൻ), ഡോ.എം.ആർ. ഗോവിന്ദൻ, വിളയോടി വേണുഗോപാലൻ (വൈസ് ചെയർമാൻമാർ), സണ്ണി പൈകട (ജന. കൺവീനർ). ഇ.കെ. ശ്രീനിവാസൻ, ശരത് ചേലൂർ, ബൈജു ഗംഗാധരൻ, എസ്. ശരത് (കൺവീനർമാർ) എന്നിവർ ഭാരവാഹികളുമായ സംഘാടക സമിതിയാണ് പരിപാടി സംഘടിപ്പിച്ചത്.